സമാഹരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കാനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായി ഒരു കമ്മറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവ സമാഹരണ നിർദ്ദേശങ്ങൾ കൂടാതെ ചെലവ് ചുരുക്കലിനുള്ള നിർദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ മാർച്ച് 2015 വരെയുള്ള അവരുടെ ശമ്പളത്തിന്റെ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും, ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. മുപ്പതിനായിരത്തോളം താല്ക്കാലിക തസ്തികകൾ അധികമാണെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ 25 ശതമാനം 2014-15-ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്. പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി. ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി. സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവ് ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിന് പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ. പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താൽക്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11-10-2013- ലെ 515/2013/ധന. നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. 1-10-2013- ലെ സ.ഉ. (പി)നമ്പർ 515/13/ധന. 28-11-2013-ലെ സ.ഉ. (പി)നമ്പർ 580/13/ധന. എന്നീ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

പട്ടികവർഗ്ഗ കോളനികളിലെ ശുദ്ധജലക്ഷാമം

29 (*359) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കോളനികളിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദവിവരം നല്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോളനി പരിസരങ്ങളിലെ അരുവികൾ മലിനമാകാതിരിക്കാനും ചെറുതടയണകൾ നിർമ്മിച്ച് വേനൽക്കാല ജലദൗർലഭ്യത്തിന് പരിഹാരമുണ്ടാക്കാനുമുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ ;

(സി) നിലവിൽ എത്ര പട്ടികവർഗ്ഗ കോളനികളിൽ ശുദ്ധജല വിതരണ പദ്ധതികൾ പ്രവർത്തന ക്ഷമമായിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബബംഗ്ലാവുകളും മൃഗശാലകളും വകപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ) കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275(1) പ്രകാരം അനുവദിക്കുന്ന ഗ്രാന്റ് ഇൻ എയ്ഡ് എന്നിവയിലുൾപ്പെടുത്തിയ പദ്ധതികൾ 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പുതിയ പദ്ധതിയായ അഡീഷണൽ ട്രൈബൽ സബ്പ്ലാൻ, 2013-14 സാമ്പത്തിക വർഷം ആരംഭിച്ച ഹാംലെറ്റ് വികസന പദ്ധതി, രാജീവ് ഗാന്ധി ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി, പ്രാക്തന ഗോത്ര വിഭാഗങ്ങളുടെ വികസനത്തിനായി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച തുക ഉപയോഗപ്പെടുത്തി നടപ്പാക്കുന്ന പദ്ധതികൾ എന്നീ പദ്ധതികളിലൂടെയാണ് കുടിവെള്ള പദ്ധതികൾ പ്രധാനമായും നടപ്പിലാക്കുന്നത്. ഇതിനു പുറമേ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് അനുവദിക്കുന്ന ഗ്രാന്റ് ഇൻ എയ്ഡിൽ ഉൾപ്പെടുത്തിയും പട്ടികവർഗ്ഗ പുനരധിവാസ മേഖലകളിൽ ടി.ആർ.ഡി.എം മുഖേനയും കുടിവെള്ള പദ്ധതികൾ പട്ടിക വർഗ്ഗ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നു.

(ബി) ഉണ്ട്. കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ മുതുകാട്- കുളത്തുർ കോളനിയിൽ ടി.ആർ.ഡി.എം. ഫണ്ട് ഉപയോഗപ്പെടുത്തി മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ചെക്ക് ഡാം നിർമ്മിച്ച് സ്പ്രിംഗ് വാട്ടർ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. വയനാട് ജില്ലയിൽ അംബ കുടിവെള്ള പദ്ധതി പ്രകാരം തടയണ നിർമ്മിച്ച് കോളനികളിൽ ജലം എത്തിക്കുന്നതിനുള്ള പദ്ധതി പുരോഗമിച്ചു വരുന്നത് കൂടാതെ, മൂവാറ്റുപുഴയിലെ കുട്ടമ്പുഴ താലൂക്കിൽ പിണവൂർക്കുടിയിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ കരുവണശേരി കോളനിയിൽ തടയണ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

ശുദ്ധ ജല പദ്ധതികൾ പ്രവർത്തനക്ഷമമായ കോളനികളുടെ എണ്ണം	ബന്ധപ്പെട്ട പ്രോജക്ടാഫീസ്, ഐ.ടി.ഡി.പി./പട്ടിക വർഗ്ഗ വികസന ആഫീസ്.
6	റാന്നി
1	കാഞ്ഞിരപ്പള്ളി
22	തൊടുപുഴ
35	ചാലക്കുടി
58	പാലക്കാട്
89	അട്ടപ്പാടി
9	നിലമ്പൂർ
11	കോഴിക്കോട്
34	കണ്ണൂർ
54	കാസർഗോഡ്
62	മാനന്തവാടി
58	പുനലൂർ
4	ടി.ആർ.ഡി.എം. പുനരധിവാസ മേഖലകൾ
14	കൽപ്പറ്റ
67	സുൽത്താൻബത്തേരി

LIBRARY ARCHIVES Kerala Legislative Assembly